**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **02-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. കോമ്പൻസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. കോമ്പൻസേഷൻ വകയിൽ സംസ്ഥാന സർക്കാരിന് ലഭിക്കാൻ ബാക്കിയുള്ള തുക എത്രയെന്ന് വിശദമാക്കാമോ; | (എ) | ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ 2017-18 ൽ 57.32 കോടി രൂപയും, 2018-19 ൽ 25.79 കോടി രൂപയും, 2020-21 ൽ 12.53 കോടി രൂപയും സംസ്ഥാനത്തിന് ലഭിക്കാനുണ്ട്. 2019-20ൽ 11.40 കോടി രൂപ അധികം ലഭിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തികവർഷം സംസ്ഥാനത്തിന് ലഭിക്കുവാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും ലഭിച്ചിട്ടുണ്ട്. 2022-23 (ഏപ്രിൽ-ജൂൺ) വരെ 776.35കോടി രൂപ ബാക്കി ലഭിക്കുവാനുണ്ട്. അക്കൗണ്ടന്റ് ജനറൽ കേരള സമർപ്പിക്കുന്ന അന്തിമ കണക്കുകൾ പ്രകാരമാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കോമ്പൻസേഷന്റെ പൂർണ്ണമായ സെറ്റിൽമെന്റ് ലഭിക്കുന്നത്. |
| (ബി) | സംസ്ഥാനങ്ങൾക്കുള്ള കോമ്പൻസേഷൻ നിർത്തലാക്കിയ പശ്ചാത്തലത്തിൽ കോമ്പൻസേഷൻ സെസ്സ് ഈടാക്കുന്നത് നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 24-06-2022-ലെ നോട്ടിഫിക്കേഷൻ നമ്പർ 01/2022 പ്രകാരം കോമ്പൻസേഷൻ സെസ്സ് ഈടാക്കുന്നത് 2026 മാർച്ച് മാസം 31-ാം തീയതി വരെ തുടരുന്നതിന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ